**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2325** **30-07-2021 - ൽ മറുപടിയ്ക്ക്**

**തീരശോഷണം പ്രതിരോധിക്കാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തീരശോഷണം വർദ്ധിക്കുന്നതായ സ്ഥിതിവിശേഷം പഠനവിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | ഫിഷറീസ് വകുപ്പ് മുഖേന പഠനവിധേയമാക്കിയിട്ടില്ല. എന്നാൽ ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് അംഗീകൃത ഏജൻസികൾ മുഖേന മാതൃകാപഠനം നടത്താറുണ്ട്. ഇതിൽ ഹാർബർ നിർമ്മിതിമൂലം ഹാർബറിനോട് ചേർന്നുള്ള പ്രദേശത്തെ തീരശോഷണവും പഠന വിധേയമാക്കാറുണ്ട്. |
| (ബി) | തുറമുഖങ്ങൾ ഉൾപ്പെടെയുള്ള മനുഷ്യനിർമ്മിതികൾ തീരശോഷണത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല. തുറമുഖങ്ങൾ ഉൾപ്പെടെയുള്ള മനുഷ്യ നിർമ്മിതികൾ മൂലം തീരശോഷണത്തിൻറെ തോത് വർദ്ധിപ്പിക്കുമോ എന്നത് സംബന്ധിച്ച് വിശദമായ പഠനങ്ങളിലൂടെ മാത്രമേ കണ്ടെത്താൻ കഴിയുകയുള്ളൂ. |
| (സി) | തീരശോഷണം വർദ്ധിക്കുന്നത് മൂലമുണ്ടാകുന്ന പാരിസ്ഥിതിക ആഘാതത്തെ പ്രതിരോധിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | വിവിധ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയുള്ള തീര സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നുണ്ട്. കൂടാതെ ജൈവ കവചവും വച്ച് പിടിപ്പിക്കുന്നതും പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ